# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2840 — 17.10.2016 ൽ മറുപടിയ്ക്ക്

### മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രി

| | ചോദ്യം<br>ശ്രീ.ആർ.രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന തസ്തികകളായ വിഷചികിത്സാ ഡോക്ടർ, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലാർക്ക് എന്നിവ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ നിലവിൽ ഫിസിയോ തെറാപ്പിസ്റ്റ്, ക്ലാർക്ക് എന്നീ തസ്തികകൾ നിലവിലില്ല. നിലവിലുണ്ടായിരുന്ന വിഷ ചികിത്സാ ഡോക്ടറുടെ തസ്തിക 28.02.11-ലെ സർക്കാർ ഉത്തരവുപ്രകാരം മർമ്മ തസ്തികയാക്കി നെടുമങ്ങാട് ആയുർവേദ ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകൾ പുനഃസ്ഥാപിച്ച് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | വിഷചികിത്സാ ഡോക്ടറുടെ തസ്തിക പുനഃസ്ഥാപിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ 20 കിടക്കകളുള്ള ടി ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| (ഡി) | അപര്യാപ്തതകൾ പരിഹരിച്ച് ആശുപത്രി പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ